പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2851

13-03-2018-ലെ

മറുപടിയ്ക്ക്

# കടബാധ്യതമൂലം ആത്മഹത്യ ചെയ്ത കർഷകർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. രാജഗോപാലൻ** | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കടബാധ്യത മൂലം ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതിത്തള്ളിയ ഇനത്തിൽ എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ;

**(എ)** 2008 മാർച്ച് മാസത്തെ വേനൽ മഴയിലുണ്ടായ വ്യാപകമായ കൃഷിനാശത്തെത്തുടർന്ന് ആത്മഹത്യ ചെയ്ത ചുവടെ പറയുന്ന കർഷകരുടെ കാർഷികകടങ്ങൾ അടച്ചു തീർക്കുന്നതിന് ഈ സർക്കാർ തുക അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആത്മഹത്യ ചെയ്ത കർഷകൻ | തുക |
|---|---|
| ജോൺ വെട്ടിക്കാട്, വെട്ടിക്കാട്, ഈര, ആലപ്പുഴ | 8250 |
| പുഷ്കരൻ, ചിറ്റഴം, രാമൻകരി, ആലപ്പുഴ | 56180 |

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടബാധ്യതയാൽ എത്ര കർഷകർ ആത്മഹത്യ ചെയ്തു എന്നറിയിക്കാമോ;

**(ബി)** കർണ്ണാടകയിൽ ഇഞ്ചികൃഷി ചെയ്യുന്നതിനായി എടുത്ത ബാങ്ക് വായ്പ കൃഷിനാശവും വിലയിടിവും വന്യമൃഗശല്യവും മൂലം തിരിച്ചടയ്ക്കാത്തതിനെതുടർന്ന് വയനാട് ജില്ലയിലെ താമസക്കാരനായ ഒരു കർഷകൻ ആത്മഹത്യ ചെയ്തിട്ടുണ്ട്.

**(സി)** കർഷക ആത്മഹത്യകൾ തടയുന്ന

**(സി)** കർഷക ആത്മഹത്യകൾ തടയുന്നതിനായി കേരള

| | |
|---|---|
| കാര്യത്തിലുള്ള നിലപാടും നടപടികളും വിശദമാക്കാമോ? | സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവുകൾ പ്രകാരം കർഷകരുടെ 18/01/2007 നു മുമ്പുള്ള വായ്പയും പലിശയും സർക്കാർ ഏറ്റെടുത്ത് കർഷകർക്ക് ആനുകൂല്യം നൽകിവരുന്നു. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 2017 മെയ് 31 വരെ മോറട്ടോറിയം അനുവദിച്ചിരുന്നു. |
| | കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരഫെഡ്, ഹോർട്ടികോർപ്പ്. വി.എഫ്.പി.സി.കെ തുടങ്ങിയ സ്ഥാപനങ്ങൾ വഴി നെല്ല്, നാളികേരം, പച്ചക്കറി തുടങ്ങിയ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ച് കർഷകർക്ക് ന്യായവില ഉറപ്പാക്കി വരുന്നു. ഇതിനുപുറമെ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ 26 കാർഷിക വിളകൾക്ക് ഏറ്റവും കുറഞ്ഞ പ്രീമിയം തുക അടച്ച് ഏറ്റവും മികച്ച നഷ്ടപരിഹാരതുക നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. |
| | കൂടാതെ 60 വയസ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി നിബന്ധനകൾക്ക് വിധേയമായി 01.04.2017 മുതൽ 1100 രൂപ കർഷക പെൻഷൻ നൽകി വരുന്നു. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി, ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി, കീട രോഗ നിയന്ത്രണ പദ്ധതികൾ തുടങ്ങിയവയും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ